ശ്രീ. കെ. കരുണാകരൻ : അതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : എല്ലാ മരുന്നുകൾക്കും മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് ലഭിക്കുകയില്ല. ആയുർവേദ ചികിൽസയിൽ തിരുമ്മൽ, പിഴിച്ചിൽ, എണ്ണയിടൽ, കുഴമ്പു തേയ്ക്കൽ തുടങ്ങിയ ചികിൽസകളുണ്ട്. ആ ചികിൽസകൾക്കൊന്നും മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് ലഭിക്കുന്നില്ല. എല്ലാ മരുന്നുകൾക്കും മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് ഇല്ല. ഒരു ലിസ്റ്റ് ഉണ്ടാക്കിയിട്ടുണ്ട്. ആ ലിസ്റ്റിൽ പറയുന്ന മരുന്നുകൾക്കേ മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് ലഭ്യമാക്കാറുള്ളൂ. സ്വാതന്ത്ര്യസമര സേനാനികൾക്ക് എല്ലാ മരുന്നുകൾക്കും മെഡിക്കൽ റീ-ഇംബേഴ്സ്മെൻറ് കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : മറ്റു സർവ്വീസിലുള്ള ആളുകൾക്ക് ചില ഇനം മരുന്നുകൾ ടോണിക്കാണെന്നു പറഞ്ഞ് റീ-ഇംബേഴ്സ്മെൻറ് കൊടുക്കുന്നില്ല. ഒരു ആൻറിബയോട്ടിക് കൊടുക്കുന്നു എന്നു വിചാരിക്കുക. വിറ്റാമിൻ ബി അതിന് അനുപേക്ഷണീയമായ ഘടകമാണ്. ആൻറിബയോട്ടിക്കിന് കാശു കൊടുക്കും. വിറ്റാമിൻ ബി-ക്ക് കൊടുക്കുകയില്ല. അതാണ് ഇപ്പോഴത്തെ വ്യവസ്ഥ. ഈ വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അതു പരിശോധിക്കാം.

ശ്രീ. പി. കുമാരൻ : അലോപ്പതി ചികിൽസയിലെ ബില്ലുകളെപ്പോലെ ആയുർവേദത്തിന് അത്രതന്നെ പ്രാധാന്യം കൊടുക്കുന്നില്ല. അത്തരം ബില്ലുകൾ റീ-ഇംബേഴ്സ് ചെയ്യുന്നതിന് സർക്കാരിന് താൽപ്പര്യമില്ലാത്ത രീതിയാണ്. ആയുർവേദം ഒരു നിഷ്ഠിദ്ധാവസ്ഥയിലേക്ക് മാറിപ്പോകുന്നു എന്നുള്ള പരാതികൾ ഒഴിവാക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ആയുർവേദത്തിന് ശരിയായിട്ടുള്ള പ്രാധാന്യം കൊടുക്കുന്നുണ്ട്. വിശേഷിച്ച് അതിൽ വലിയ താൽപ്പര്യമുള്ള ആളാണ് ഇപ്പോൾ അതു കൈകാര്യം ചെയ്യുന്നത്.

സംസ്ഥാനത്തെ പോലീസുകാർക്ക് റിസ്ക് അലവൻസ്

* 283. [305] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) :
,, സി. ടി. കൃഷ്ണൻ :
,, ടി. കെ. അബ്ദു :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസുകാർക്ക് റിസ്ക് അലവൻസ് നൽകുന്ന കാര്യം ഗവൺമെൻറിൻറെ പരിഗണനയിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നു മുതൽ നടപ്പാക്കും ;

(സി) റിസ്ക് അലവൻസ് അനുവദിക്കുമ്പോൾ മിനിമം ഒരാൾക്ക് എത്ര രൂപ കിട്ടും ;

(ഡി) ഇതിനുവേണ്ടി എന്തെങ്കിലും മാനദണ്ഡം അംഗീകരിച്ചിട്ടുണ്ടോ;

(ഇ) റിസ്ക് അലവൻസ് നൽകുന്നതിന് സർക്കാരിന് എത്ര കോടി രൂപ അധികച്ചെലവ് വരുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) റിസ്ക് അലവൻസ് ഇതുവരേയും അനുവദിക്കാത്തതു സംബന്ധിച്ച് ഗവൺമെൻറിന് എന്തെങ്കിലും പരാതികളോ നിവേദനങ്ങളോ ഇതിനകം കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു തീരുമാനമെടുത്തു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ, ബി) 1-11-1936 മുതൽ സംസ്ഥാനത്തെ പോലീസുകാർക്ക് റിസ്ക് അലവൻസ് നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) സി.ഐ., എ. പി. ഐ. 30 രൂപയും, എസ്.ഐ., എ.പി.എസ്.ഐ. 25 രൂപയും, എ.എസ്.ഐ., എച്ച്.സി, പി.സി. എന്നിവർക്ക് 20 രൂപ വീതം. (ആംഡ് പോലീസിലെ തത്തുല്യമായവർക്കും 20 രൂപയാണ് ലഭിക്കുക).

(ഡി) ചില പോലീസ് വിഭാഗങ്ങളിൽ പെട്ടവർക്ക് അവരുടെ കൃത്യനിർവഹണത്തിൽ ഉണ്ടായേക്കാവുന്ന അപകട സാദ്ധ്യതകളും കണക്കിലെടുത്താണ് റിസ്ക് അലവൻസ് അനുവദിച്ചിട്ടുള്ളത്.

(ഇ) പ്രതിവർഷം ഏകദേശം 50 ലക്ഷം രൂപ വരുമെന്ന് കണക്കാക്കുന്നു.

(എഫ്) ഉദിക്കുന്നില്ല.

ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി) : എല്ലാ വിഭാഗത്തിലും പെട്ട പോലീസുകാർക്ക് നൽകുന്ന റിസ്ക് അലവൻസ് ഒരുപോലെയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കൂടുതൽ റിസ്ക് ഉള്ള പണികൾ ചെയ്യാൻ നിയുക്തരായ പോലീസുകാർക്ക് കൂടുതൽ അലവൻസ് കൊടുക്കുവാൻ എന്തെങ്കിലും നടപടി ചെയ്യുമോ ?

ശ്രീ. കെ. കരുണാകരൻ : എല്ലാവർക്കും പൊതുവായിട്ടു മാത്രമേ റിസ്ക് അലവൻസ് കൊടുക്കുവാൻ കഴിയൂ. ജോലിയുടെ സ്വഭാവം നോക്കി കൊടുക്കുവാൻ പ്രയാസമാണ്.

ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി) : പ്രതികളെ പിടിക്കാനും സമരങ്ങൾ അടിച്ചമർത്താനുമൊക്കെ നിയോഗിക്കപ്പെടുന്ന പോലീസുകാർക്ക് അവരുടെ കൃത്യനിർവഹണത്തിനിടയിൽ പരിക്കേൽക്കുകയോ കൊല്ലപ്പെടുകയോ ചെയ്യുകയാണെങ്കിൽ എന്തെങ്കിലും സാമ്പത്തിക സഹായം നൽകാനുള്ള പദ്ധതി ഇപ്പോഴുണ്ടോ ? ഇല്ലെങ്കിൽ അതുണ്ടാക്കാൻ തയ്യാറാകുമോ ? ഉണ്ടെങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ഇത്തരം കേസുകളിൽ അവർക്കു വേണ്ടിവരുന്ന ചികിൽസയും അതിനുവേണ്ട അവധിയും ചെലവുമൊക്കെ കൊടുക്കുന്നുണ്ട്.

ശ്രീ. സി. ടി. കൃഷ്ണൻ : പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പുതിയ ആനുകൂല്യങ്ങളും കൊടുക്കാനുതകുന്ന എന്തെങ്കിലും പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ടോ ? നിലവിലുള്ളതിൽ നിന്നും വ്യത്യസ്തമായി ?

ശ്രീ. കെ. കരുണാകരൻ : അവർക്ക് സൗജന്യനിരക്കിൽ അത്യാവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. ടി. കൃഷ്ണൻ : പോലീസ് ഉദ്യോഗസ്ഥൻമാരുടെ പരിശീലനവും ജയിൽ ജീവനക്കാർക്കുള്ള പരിശീലനവുമെല്ലാം ഒരേ രൂപത്തിൽ ആണ്

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നത്. എന്നാൽ ഈ പോലീസ് ഉദ്യോഗസ്ഥൻമാർക്കു കിട്ടുന്ന യാതൊരു ആനുകൂല്യവും ജയിൽ വാർഡൻമാർ ഉൾപ്പെടെയുള്ള ജയിൽ ജീവനക്കാർക്ക് ലഭിക്കുന്നില്ല. പോലീസ് ഉദ്യോഗസ്ഥൻമാർക്ക് കിട്ടുന്ന അതേ ആനുകൂല്യങ്ങൾ ജയിൽ ജീവനക്കാർക്കും കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ജയിൽ ജീവനക്കാരുടെ പരാതികൾ പരിശോധിച്ച് പരിഹാരം കാണാൻവേണ്ടി ഈയടുത്ത അവസരത്തിൽ ഇൻഡ്യാ ഗവൺമെൻറ് നിയമിച്ച വിദഗ്ദ്ധസംഘം ഇവിടെ വന്നിരുന്നു. സംസ്ഥാന ഗവൺമെൻറും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. ടി. കെ. അബ്ദു : പോലീസ് ഉദ്യോഗസ്ഥൻമാർക്കു നൽകുന്ന റിസ്ക് അലവൻസിനെ സംബന്ധിച്ച് അവരുടെ സർവ്വീസ് സംഘടനകൾ എന്തെങ്കിലും ഡിമാൻറ് ഗവൺമെൻറിൻറെ മുമ്പിൽ വച്ചിട്ടുണ്ടോ ? അവരുമായിട്ട് ആലോചിച്ചാണോ തീരുമാനങ്ങൾ എടുക്കുന്നത്.

ശ്രീ. കെ. കരുണാകരൻ : അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ആരുമായും ആലോചിക്കാനില്ല. കൊടുക്കാൻ തീരുമാനിച്ചതനുസരിച്ചു കൊടുത്തു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : പോലീസുകാരുടെ ജീവിതം തന്നെ റിസ്കാണ്. ആ നിലയ്ക്ക് പ്രത്യേകിച്ച് താഴെക്കിടയിലുള്ള പോലീസുകാർക്ക് ജീവിതം സുരക്ഷിതമാക്കാൻവേണ്ടി ഒരു കോംപ്രഹൻസീവ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : അങ്ങനെയൊരു സ്കീം ഇപ്പോൾ പരിഗണനയിൽ ഇല്ല.

ശ്രീ. ടി. കെ. ഹംസ : 10 കൊല്ലം സർവ്വീസായിട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് ഒരു ഗ്രേഡ് അനുവദിച്ചുകൊടുക്കുക എന്നുള്ള സമ്പ്രദായം നിലവിലുണ്ട്. സാധാരണ പോലീസുകാർക്ക് അത് ഇതുവരെ അനുവദിച്ചിട്ടില്ല. അത് പരിഗണിക്കുവാൻ ഉദ്ദേശമുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ശമ്പള പരിഷ്കരണ കമ്മീഷൻറെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് ശമ്പളം നിശ്ചയിക്കുന്നത്. അതിനെക്കുറിച്ച് മറ്റ് എന്തെങ്കിലും നടപടി ഇപ്പോൾ സ്വീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നില്ല.

മത്സ്യത്തൊഴിലാളി ഗ്രാമതലസംഘങ്ങൾ

* 284. [306] ശ്രീ. എൻ. ശങ്കരൻ നാടാർ :
,, എ. സി. ജോസ് :
,, മണിമംഗലത്തു കുട്ട്യാലി :
,, എം. എം. ഹസ്സൻ :
,, സക്കറിയാ പാമ്പുവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളി ഗ്രാമതലസംഘങ്ങളുടെ ഘടന എപ്രകാരമാണ് ; ഏതെല്ലാം ജില്ലയിൽ ഇവ നിലവിൽ വന്നു ;

(ബി) എത്ര ഗ്രാമതലസംഘങ്ങളിൽ ഭരണസമിതി രൂപീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly